⇨ *ഈ ദുരന്തകാലത്ത് പല പഞ്ചായത്തുകളും അവരുടെ സാധ്യതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്* ⇨

**ദുരന്താനന്തരം കേരളം**

# പുനർനിർമ്മാണം പരിഗണിക്കേണ്ട ദുരന്താനന്തര അസമത്വങ്ങൾ

ഒരു ദുരന്തമുണ്ടായാൽ അതിന്റെ ആദ്യ ഘട്ടങ്ങളിൽ നാം പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാക്കും. എന്നാൽ ഇതിനൊരു രണ്ടാം ഘട്ടം കൂടിയുണ്ട്. സെക്കണ്ടറി ഡിസാസ്റ്റർ എന്നാണിതിനെ പറയുന്നത്. ആദ്യദുരന്തം സൃഷ്ടിക്കുന്ന ആഘാതവും പുനരധിവാസത്തിന്റെ പരിമിതികളുമാണ് ഇതിന് കാരണം.

**ഡോ. എസ്. മുഹമ്മദ് ഇർഷാദ്**

**ഇത്രവലിയ** ദുരന്തത്തിന് ശേഷവും പുനർനിർമ്മാണത്തെക്കുറിച്ച് ആലോചിക്കുമ്പോൾ നിലനിൽക്കുന്ന മാതൃകകളിലേക്കും നിർമ്മാണരീതികളിലേക്കും തന്നെയാണ് സ്വാഭാവികമായും സർക്കാർ മടങ്ങിപ്പോവുക. നമുക്ക് അതുമാത്രമെ പരിചയമുള്ളൂ. എല്ലാ ദുരന്തത്തിന് ശേഷവും ഏതെങ്കിലുമൊരു സ്ഥാപനം സാമ്പത്തികസഹായ വാഗ്ദാനവുമായി എത്തുക എന്നത് പതിവുരീതിയാണ്. ലഭ്യമാകുന്ന സാമ്പത്തിക സഹായത്തിനനുസരിച്ചാണ് നാം പുനർനിർമ്മാണ പദ്ധതികളെക്കുറിച്ച് തന്നെ ആലോചിക്കാറുള്ളത്. നമ്മൾ മുന്നോട്ടുവയ്ക്കുന്ന പുനരധിവാസ പദ്ധതികൾക്ക് നേരിട്ട് സഹായം നൽകുകയല്ല ഈ സ്ഥാപനങ്ങൾ ചെയ്യുന്നത്. അവർക്ക് താത്പര്യമുള്ള മേഖലകളിൽ അവർ മുന്നോട്ടുവെയ്ക്കുന്ന പദ്ധതികൾ നടപ്പിലാക്കാനാണ് സാമ്പത്തിക സഹായങ്ങൾ നൽകുക. അവരുടെ മാനദണ്ഡങ്ങൾ പാലിച്ച് വേണം അത് നടപ്പിലാക്കാൻ. സ്വാഭാവികമായും ഏത് മേഖലയിലേക്കാണോ കൂടുതൽ പണമെത്തുന്നത് അവിടുത്തേക്ക് മൊത്തം പുനർനിർമ്മാണവും കേന്ദ്രീകരിക്കപ്പെടും. പണമെത്താത്ത മറ്റു സ്ഥലങ്ങൾ അവഗണിക്കപ്പെടുകയും ചെയ്യും. ഓഖി ദുരന്തസമയത്ത് ഇത് വളരെ പ്രകടമായിരുന്നു. ഇത്തരം നടപ്പുരീതികളെ തകിടംമറിക്കുന്ന പുനരാലോചനകളാണ് ഈ സമയത്തുണ്ടാകേണ്ടത്. ഭരണകൂടത്തിന്റെ ഏതെങ്കിലും വ്യവസ്ഥകൾക്കുള്ളിലേക്ക് ഇത്തരം ആലോചനകളെ കൊണ്ടുവരണം. കാരണം, ഭരണകൂടത്തിന് മാത്രമെ ഇതിനാവശ്യമായ പണം സ്വരൂപിക്കാൻ ശേഷിയുള്ളൂ.

ഭരണകൂടത്തിന്റെ ഭാഗമായി നടക്കുന്ന ഈ ശ്രമങ്ങളെ ജനാധിപത്യക്രമത്തിൽ ഉൾച്ചേർക്കുന്ന തരത്തിലുള്ള ജനകീയ ഇടപെടലുകളുണ്ടാകണം. തദ്ദേശ സ്ഥാപനങ്ങൾക്കും ജനങ്ങൾക്കുമാണ് നിലവിൽ അത്തരത്തിലുള്ള ഇടപെടലുകൾ നടത്താൻ കഴിയുക. ഭരണഘടനയുടെ 73-ാം ഭേദഗതി പല അധികാരങ്ങളും പഞ്ചായത്തിന് നൽകുന്നുണ്ടെങ്കിലും അവയൊന്നും പ്രായോഗികമാക്കാൻ അനുവദിക്കാത്ത തരത്തിലുള്ള സമീപനമാണ് ഭരണകൂടം തുടരുന്നത്. ഈ ദുരന്തകാലത്ത് പല പഞ്ചായത്തുകളും അവരുടെ സാധ്യതകൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഗ്രാമീണ തൊഴിലുറപ്പ് നിയമപ്രകാരം ദുരന്തമേഖലകൾക്ക് അനുവദിക്കുന്ന 50 ദിവസത്തെ അധിക തൊഴിൽ ദിനങ്ങൾ പുനർനിർമ്മാണത്തിന് വേണ്ടി ഉപയോഗിക്കാവുന്നതാണ്. ഈ തൊഴിൽദിനങ്ങളെ കൃത്യമായി പ്രളയാനന്തര ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ പഞ്ചായ

ത്തുകൾക്ക് കഴിയേണ്ടതുണ്ട്. ചില സാങ്കേതിക തടസ്സങ്ങളുണ്ടെങ്കിലും നിയമപരമായി ഒരു തടസ്സവുമില്ല. തൊഴിലുറപ്പ് പദ്ധതിക്കായി കേന്ദ്രസർക്കാരിന്റെ പുതിയ ഫണ്ട് ലഭ്യമാകുന്നുണ്ട്, അതിനെ ആശ്രയിച്ചാൽ മാത്രം മതി.

ഒരു ദുരന്തമുണ്ടായാൽ അതിന്റെ ആദ്യഘട്ടങ്ങളിൽ നാം പുനരധിവാസ പ്രവർത്തനങ്ങൾ പൂർത്തിയാക്കും. എന്നാൽ ഇതിനൊരു രണ്ടാം ഘട്ടം കൂടിയുണ്ട്. സെക്കണ്ടറി ഡിസാസ്റ്റർ എന്നാണിതിനെ പറയുന്നത്. ആദ്യ ദുരന്തം ഉണ്ടാക്കുന്ന ആഘാതവും പുനരധിവാസത്തിന്റെ പരിമിതികളുമാണ് ഇതിന് കാരണമാകുന്നത്. ജീവിക്കുന്ന പരിസരം, കുടിവെള്ളത്തിന്റെ ലഭ്യത, സാനിറ്റേഷൻ തുടങ്ങിയ കാര്യങ്ങളിലുണ്ടാകുന്ന പരിമിതികളാണ് സെക്കണ്ടറി ഡിസാസ്റ്ററിന് കാരണമായിത്തീരുക. ദുരിതബാധിതരെന്ന് പറഞ്ഞ് സമൂഹം കൊടുക്കുന്ന സോഷ്യൽ ഐഡന്റിറ്റിയും ഇതിന്റെ മറ്റൊരു കാരണമാണ്. പുനർനിർമ്മാണം ഓരോ വ്യക്തികളുടെയും ജീവിതത്തിലുണ്ടാക്കുന്ന മാറ്റങ്ങളുടെ വ്യാപ്തിക്കനുസരിച്ചാണ് സെക്കണ്ടറി ഡിസാസ്റ്ററിന്റെ തോത് കണക്കാക്കുന്നത്. ഈ രണ്ടാംഘട്ട ദുരന്തം ഒഴിവാക്കാനായി ജനങ്ങൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും മാത്രമാണ് ഇടപെടാൻ കഴിയുക. നിലവിലുള്ള അധികാരങ്ങളെല്ലാം കാര്യക്ഷമമായി വിനിയോഗിച്ചാൽ പഞ്ചായത്തിന് ഈ പ്രതിസന്ധി മറികടക്കാൻ കഴിയും.

ജനകീയ സംഘടനകളെ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമാക്കണമെന്ന് ഇപ്പോൾ തന്നെ പറയുന്നുണ്ടല്ലോ. അത് ഒരു സാധ്യതയാണ്. പഞ്ചായത്തുകൾക്ക് സമാന്തരമായി ഒരു ജനകീയകൂട്ടായ്മ രൂപപ്പെടുത്തി എല്ലാ പുനർനിർമ്മാണ പരിപാടികളിലും പങ്കാളികളാകാൻ നമുക്ക് കഴിയണം. പുനർനിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളം സുതാര്യമായി നടക്കുന്നുവെന്നും സെക്കണ്ടറി ദുരന്തം ഒഴിവാക്കിക്കൊണ്ട് എങ്ങനെ പുനരധിവാസം നടത്താമെന്നും മോണിറ്ററിംഗ് ചെയ്യുന്നതിനായി ജനങ്ങളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ജനകീയ ജാഗ്രതാസമിതികൾ രൂപീകരിക്കണം.

പല പഞ്ചായത്തുകളും തനത് വരുമാന സ്രോതസ്സുകളെയാണ് പ്രളയാനന്തര പരിപാടികൾക്കായി ഉപയോഗിക്കുന്നത്. ഈ വരുമാനമാർഗ്ഗങ്ങളെ കൂടി പ്രളയം ഇല്ലാതാക്കിയ സ്ഥിതിയാണ് മിക്ക പഞ്ചായത്തുകളിലുമുള്ളത്. മറ്റു വരുമാനങ്ങൾ ഇല്ലാത്തതുകൊണ്ട് സാമ്പത്തികസഹായങ്ങൾ കൂടുതൽ വേണ്ടിവരാനാണ് സാധ്യത. ഓരോ പഞ്ചായത്തും റവന്യൂവകുപ്പ്, എ.ഡി.ബി, എന്നിവയുടെയൊക്കെ സഹായത്തോടെ നഷ്ടങ്ങൾ കണക്കാക്കാനാണ് നോക്കുന്നത്. വാർഡ് തലത്തിലുള്ള കണക്കെടുപ്പുകളാണ് നടത്തേണ്ടത്. വസ്തുക്കളുടെ കേവലമായ നഷ്ടം രേഖപ്പെടുത്തുന്നതിന് പകരം ആ നഷ്ടം അവരുടെ ജീവിതത്തിലുണ്ടാക്കുന്ന എല്ലാത്തരം നഷ്ടങ്ങളെക്കുറിച്ചു കൂടി മനസ്സിലാക്കണം. അവർക്കുണ്ടാകുന്ന സാംസ്കാരിക-സാമ്പത്തിക-സാമൂഹിക നഷ്ടങ്ങളെല്ലാം സൂക്ഷ്മമായി രേഖപ്പെടുത്തപ്പെടണം. ഇതിനെ ക്രോഡീകരിച്ചുകൊണ്ടുള്ള സംസ്ഥാനതല കണക്കുകളാണ് പ്രസിദ്ധീകരിക്കേണ്ടത്. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പദ്ധതികൾ പിന്തുടർന്ന് പുനർനിർമ്മാണ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് പഞ്ചായത്തുകൾ ശ്രമിക്കുന്നത്. അത് പോരാതെ വരും. കുടിവെള്ള വിതരണം, വീടുനിർമ്മാണം എന്നിവയിക്ക് സർക്കാർ സഹായം നൽകും എന്നാണ് പറയുന്നത്. പുനർനിർമ്മാണം ഒരുപാട് മേഖലകളിൽ വേണ്ടിവരും. പ്രളയാനന്തരം ഉണ്ടാകാറുള്ള വരൾച്ച മുന്നിൽക്കണ്ട് ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയുടെ 'ഡിസാസ്റ്റർ മിറ്റിഗേഷൻ' ഫണ്ട് ഉപയോഗിച്ച് വരൾച്ചയെ തടയുന്നതിനുള്ള തയ്യാറെടുപ്പുകൾ നടത്തുകയാണ് പഞ്ചായത്തുകൾ ഇപ്പോൾ ചെയ്യേണ്ടത്. സർക്കാരിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ അർഹരായവർ തന്നെയാണോ കയറിപറ്റുന്നത് എന്ന് പരിശോധിക്കാനായി ഒരു ജാഗ്രതാസമിതി രൂപീകരിക്കുകയും വേണം. നടപ്പിലാക്കപ്പെടുന്ന പദ്ധതികൾ ആ പ്രദേശത്തെ ഇക്കോളജിക്ക് എത്രമാത്രം അനുയോജ്യമാ

പഞ്ചായത്തുകൾക്ക് സമാന്തരമായി ഒരു ജനകീയകൂട്ടായ്മ രൂപപ്പെടുത്തി എല്ലാ പുനർനിർമ്മാണ പരിപാടികളിലും പങ്കാളികളാകാൻ നമുക്ക് കഴിയണം. പുനർനിർമ്മാണ പ്രവർത്തനങ്ങൾ എത്രത്തോളം സുതാര്യമായി നടക്കുന്നുവെന്നും സെക്കണ്ടറി ദുരന്തം ഒഴിവാക്കിക്കൊണ്ട് എങ്ങനെ പുനരധിവാസം നടത്താമെന്നും മോണിറ്ററിംഗ് ചെയ്യുന്നതിനായി ജനങ്ങളുടെയും ജനപ്രതിനിധികളുടെയും നേതൃത്വത്തിൽ ജനകീയ ജാഗ്രതാസമിതികൾ രൂപീകരിക്കണം.

⇨ *റിയൽ എസ്റ്റേറ്റ് കച്ചവടത്തിനായി ഒരു വീടു പോലും നിർമ്മിച്ച് വെറുതേയിടാൻ അനുവദിക്കരുത്* ⇨

# നമ്മുടെ സ്വപ്നങ്ങൾ ചുരുങ്ങിപ്പോകരുത്

**ഡോ. എം.പി. പരമേശ്വരൻ**

**കേരളത്തിന്** അഭിമുഖീകരിക്കേണ്ടി വന്ന ദുരന്തങ്ങളുടെ സ്വഭാവം നോക്കിയാൽ എല്ലാം മനുഷ്യനിർമ്മിതമാണെന്ന് പറയാൻ കഴിയില്ല. സോയിൽ പൈപ്പിംഗ് പോലെയുള്ള അപൂർവ്വ പ്രതിഭാസങ്ങൾ ഇത്തവണ ഉണ്ടായിട്ടുണ്ട്. തൃശൂരിലെ കുറാഞ്ചേരിയിൽ ഉണ്ടായ ഉരുൾപൊട്ടലെല്ലാം പ്രതീക്ഷിക്കാത്ത സ്ഥലത്താണ് സംഭവിച്ചത്. പക്ഷെ അധികവും അങ്ങനെയല്ല. മനുഷ്യനിർമ്മിത ദുരന്തങ്ങൾ തന്നെയാണ്. മഴയുടെ പ്രവചനാത്മക സ്വഭാവം നഷ്ടമാകുന്നു എന്നത് ആഗോളതാപനത്തിന്റെ വ്യക്തമായ തെളിവാണ്. കാലാവസ്ഥയുടെ പ്രവചനാത്മകത നഷ്ടമാകുന്നതും അപ്രതീക്ഷിത സംഭവങ്ങൾ ഉണ്ടാകുന്നതുമാണല്ലോ ഇപ്പോഴുള്ള ദുരന്തങ്ങളുടെയെല്ലാം കാരണം. സൈലന്റ് വാലി സമരകാലത്ത് കേരളത്തിലുണ്ടായ പരിസ്ഥിതി ബോധത്തെ ശാസ്ത്രീയമായി വളർത്തിയെടുക്കേണ്ട സമയമാണിത്. അങ്ങനെ മാത്രമേ ഈ ദുരന്തങ്ങളെ നേരിടാൻ കഴിയൂ. ജലത്തിന്റെ ഒഴുക്ക് തടസ്സപ്പെടുത്തുന്ന നിർമ്മിതികൾ ഇനിയും പണിതുയർത്താത്ത തരത്തിൽ ആ ബോധം വളരണം. വയലുകൾ നികന്നുപോയതോടെ പ്രളയജലത്തെ പിടിച്ചു നിർത്താനുള്ള ശേഷി കുറഞ്ഞിട്ടുണ്ട് എന്നത് വസ്തുതയാണ്. വെള്ളത്തിന്റെ ഒഴുക്കിനെ തടസ്സപ്പെടുത്തിയ നിർമ്മിതകളായിരുന്നു അതിലേറെ പ്രശ്നം. ഈ പ്രളയത്തിൽ മതിലുകളാണ് വീടുകളേക്കാൾ തകർന്നത്. പലയിടത്തും രക്ഷാപ്രവർത്തനത്തിന് പോലും മതിലുകൾ തടസ്സമായി മാറി. ഈ സ്വയം നിർമ്മിത കാരാഗൃഹങ്ങൾ ഇനിയും വേണ്ടതുണ്ടോ എന്ന് ചിന്തിക്കണം. ശീമക്കൊന്ന വേലിയായിരുന്നു ഒരു കാലത്ത് കേരളത്തിലെ വീടുകളുടെ അതിരു തിരിച്ചിരുന്നത്. 1957ൽ കേരളത്തെക്കുറിച്ച് പഠിക്കുന്നതിനായി കേന്ദ്രത്തിൽ നിന്നെത്തിയ എച്ച്.ഡി. മാളവ്യ വരെ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ ശീമക്കൊന്നവേലിയെക്കുറിച്ച് ഏറെ എഴുതിയിട്ടുണ്ട്. വിറക് എന്ന വിഭവം കൂടിയാണത് എന്നോർക്കണം. വീടുകളുടെ കാര്യത്തിലും പുനർചിന്ത വേണ്ടതുണ്ട്. തകർന്ന വീടുകളെല്ലാം പുനർനിർമ്മിക്കുന്നതിനു പകരം ഒഴിഞ്ഞുകിടക്കുന്ന വീടുകൾ ഭവനം നഷ്ടമായവർക്ക് നൽകുന്നതിനുള്ള സംവിധാനം ഉണ്ടാവുകയാണ് വേണ്ടത്. വീടുകളുടെ നിർമ്മാണത്തിനുള്ള പാറയ്ക്ക് വേണ്ടിയാണ് കേരളത്തിലെ ക്വാറികൾ അധികവും പ്രവർത്തിക്കുന്നത്. ഈ ക്വാറികളാണ് ഉരുൾപൊട്ടലുകളുടെ പ്രധാന കാരണക്കാർ എന്നത് മറക്കരുത്. റിയൽ എസ്റ്റേറ്റ് കച്ചവടത്തിനായി ഒരു വീടു പോലും നിർമ്മിച്ച് വെറുതേയിടാൻ അനുവദിക്കരുത്. 14 ലക്ഷം വീടുകളാണ് കേരളത്തിൽ ഒഴിഞ്ഞുകിടക്കുന്നത്. അതിന്റെ കാർബൺ പാദമുദ്ര എത്രയോ ഭീകരമാണ്. പഴയ കേരളമല്ല, പുതിയ കേരളമാണ് നിർമ്മിക്കാൻ പോകുന്നതെന്ന് പറയുന്നവർ ഇതെല്ലാം പരിഗണിക്കുമോ എന്നറിയില്ല. അവരുടെ പരിഗണനകൾ എന്തുവേണമെങ്കിലും ആകട്ടെ. നമുക്ക് പുതിയ കേരളത്തെക്കുറിച്ച് സ്വപ്നമുണ്ടോ എന്നതാണ് പ്രധാനം. ഉണ്ടെങ്കിൽ അത് അവതരിപ്പിക്കാൻ പറ്റിയ സമയമാണിത്. പഞ്ചായത്ത് തലത്തിൽ അത്തരം ശ്രമങ്ങൾ നടത്തേണ്ടതുണ്ട്. പല മേഖലകളിൽ വിദഗ്ധരായുള്ള തദ്ദേശീയരെയും അയൽക്കൂട്ടത്തിന്റെ പ്രതിനിധികളെയും ഉൾപ്പെടുത്തി പഞ്ചായത്ത് വികസന സമിതികൾ ഇതിനായി രൂപീകരിക്കണം. പുനർനിർമ്മാണ പ്രവർത്തനങ്ങൾ ആ സമിതി വഴി ഏകോപിപ്പിക്കപ്പെടണം. ജനകീയാസൂത്രണ കാലത്ത് ഇത്തരം വികസന സമിതികൾ സജീവമായി പ്രവർത്തിച്ചിരുന്നു. എല്ലാ അയൽക്കൂട്ടത്തിൽ നിന്നും ഈ സമിതിയിൽ തദ്ദേശീയരെ പ്രതിനിധീകരിച്ച് രണ്ട് പേരെങ്കിലും ഉണ്ടാകണം. പ്രതിനിധിയല്ല, വക്താവ് എന്ന് പറയുന്നതാണ് ശരി. അവർ നമുക്ക് വേണ്ടി സംസാരിക്കുക മാത്രമാണ് ചെയ്യുന്നത്. അത് കൃത്യമായി നിർവഹിക്കാൻ കഴിയുന്നില്ലെങ്കിൽ അവരെ തരിച്ചുവിളിക്കാനുള്ള അധികാരവും അയൽക്കൂട്ടം എടുക്കണം. പുനർനിർമ്മാണവും വികസന പ്രവർത്തനങ്ങളും അങ്ങനെ തീരുമാനിക്കപ്പെടട്ടെ. ഇത് സാധ്യമാണ്. കേരളത്തിൽ സാധ്യമായിട്ടുമുണ്ട്. നമ്മുടെ സ്വപ്നങ്ങൾ ചുരുങ്ങിപ്പോകരുതല്ലോ. അതാണ് നവകേരളത്തിന് വേണ്ടത്. ■

ണെന്ന് പരിശോധിക്കാനുള്ള ചുമതല ഈ സമിതി ഏറ്റെടുക്കണം.

എല്ലാ ദുരന്തരവും കാലാന്തരത്തിൽ സാമൂഹ്യ-സാമ്പത്തിക അസമത്വങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇത്തരം അസമത്വങ്ങൾ ഇല്ലാതാക്കുന്നതിനുള്ള ഇടപെടലുകൾ നടത്താനും ജാഗ്രത സമിതി ശ്രദ്ധിക്കണം. തൊഴിൽ, പാർപ്പിടം, കൃഷി, കച്ചവടം തുടങ്ങി ദുരിതബാധിതർക്ക് നഷ്ടമായതെല്ലാം അവർക്ക് തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സമിതി ഉറപ്പുവരുത്തണം. വാർഡ് തല സാമ്പത്തിക നഷ്ടങ്ങൾ കൃത്യമായി തിട്ടപ്പെടുത്തണം. ഇതിന്റെ അടിസ്ഥാനത്തിൽ ദീർഘകാലത്തേക്ക് ഗുണകരമായേക്കാവുന്ന പദ്ധതികൾ നടപ്പിലാക്കാൻ ഈ സമിതിക്ക് കഴിയും. പ്രളയത്തിന് മുമ്പ് ഒരു പ്രദേശത്തിനുണ്ടായിരുന്ന സാമ്പത്തികക്രമത്തിന് തുല്യമായ രീതിയിലെങ്കിലും പുനർനിർമ്മാണ പ്രക്രിയയിലൂടെ തിരിച്ചുപിടിക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. ഇത് ഉറപ്പുവരുത്തുക എന്നതുകൂടിയായിരിക്കണം ജാഗ്രതാസമിതിയുടെ ഉത്തരവാദിത്തം. ഇങ്ങനെ ചെയ്യുന്ന എല്ലാ പ്രവർത്തനങ്ങളും സുതാര്യവും ജനകീയവുമായിരിക്കണം. ■